11825
14/9/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 556/2015/സാനീവ. തീയതി, തിരുവനന്തപുരം, 4.09.2015

പരാമർശം : (1) സ.ഉ (എം.എസ്) നം.31/2011/സാക്ഷേവ തീയതി 21.05.2011
(2) സ.ഉ (സാധാ) നം. 101/2015/സാനീവ തീയതി 20.02.2015
(3) കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 14.05.2015 ലെ പി2/834/13/കെ.എസ്.എസ്.എം നമ്പർ കത്ത്.

### ഉത്തരവ്

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2011-12, 2012-13, 2013-14, 2014-15 എന്നീ അദ്ധ്യായന വർഷങ്ങളിൽ അനുവദിച്ച വിദ്യാഭ്യാസ ധനസഹായം 2015-16 വർഷത്തിലും അതേ നിരക്കിൽ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി 2015-16 അദ്ധ്യായന വർഷത്തിലും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം താഴെപ്പറയുന്ന നിരക്കിലും താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| | |
|---|---|
| ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് | - 2000/- രൂപ |
| 1 മുതൽ 7 വരെ | - 2000/- രൂപ |
| 8 മുതൽ 10 വരെ | - 3000/- രൂപ |
| 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 4000/- രൂപ |

(1) ഇതിനാവശ്യമായ ചെലവ് 2235-60-200-72-(04) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(2) മുൻവർഷങ്ങളിൽ ഈ വിഷയത്തിൽ ചെലവഴിച്ച തുക സൂചകമായി സ്വീകരിക്കാമെങ്കിൽ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥിക്ക് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി നൽകുന്ന വിദ്യാഭ്യാസ ധനസഹായത്തിന്റെ വാർഷിക ചെലവ് എഴുപത് ലക്ഷം രൂപയിൽ കുറവായി നിലനിർത്തേണ്ടതാണ്.

(3) 2011 മുതലുള്ള Utilization Certificate കൾ സർക്കാരിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
ഡയറക്ടർ, [illegible] സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാകളക്ടർ, കാസർഗോഡ്
ധനകാര്യ വകുപ്പ് (U.O(F) 45444/WW2/2015/Fin പ്രകാരം)
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :പഞ്ചായത്തും സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ പി.എസിന്